ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.12.2025**

## പ്രധാനവാർത്തകൾ

1) തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക സംസ്ഥാനത്ത് പ്രസിദ്ധീകരിച്ചു. 91.35 ശതമാനം വോട്ടർമാർ എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.

2) കരട് പട്ടികയിന്മേലുള്ള പരാതികൾ അടുത്തമാസം 22 വരെ സമർപ്പിക്കാം.അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-ന് പ്രസിദ്ധീകരിക്കും.

3) ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി ആരോഗ്യ വകുപ്പ്. മന്ത്രി വീണാ ജോർജ് അടിയന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി

4) കൈക്കൂലി കേസിൽ ജയിൽ ഡി.ഐജി എം. കെ. വിനോദ് കുമാറിന് സസ്പെൻഷൻ

5) സർവ്വകാല റെക്കോർഡിൽ സ്വർണ്ണവില. പവന് വില ഒരു ലക്ഷം കടന്നു

6) ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്.

***************

RNU TVPM

## തീവ്ര വോട്ടർപട്ടിക (ഇൻട്രോ)

സംസ്ഥാനത്ത്, തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടിക തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. ജില്ലാതലത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും കരട് പട്ടിക കൈമാറിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു. 2 കോടി 54 ലക്ഷത്തി 42,352 വോട്ടർമാരാണ് എന്യൂമറേഷൻ ഫോം പൂരിപ്പിച്ച് നൽകിയത്. എസ്.ഐ.ആറിൻറെ ഭാഗമായ വോട്ടർമാരുടെ 91.35 ശതമാനമാണിത്. 24 ലക്ഷത്തി 8,503 ഫോമുകളാണ് ശേഖരിക്കാൻ സാധിക്കാത്തതായി ഉള്ളത്. പുതിയതായി പേര് ചേർക്കാനുള്ളവർക്ക് ഫോറം ആറും, ഡിക്ലറേഷൻ ഫോമും പൂരിപ്പിച്ച് നൽകി അപേക്ഷ സമർപ്പിക്കാവുന്നതാണ്. കരട് പട്ടികയിന്മേലുള്ള പരാതികളും അവകാശവാദങ്ങളും ഇന്ന് മുതൽ അടുത്തമാസം 22 വരെ സമർപ്പിക്കാം.

(ഹോൾഡ്)

voters.eci.gov.in, ceo.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 21-നാണ് പ്രസിദ്ധീകരിക്കുക.

PRD TVPM

***************

## പക്ഷി പനി (intro)

ആലപ്പുഴ , കോട്ടയം ജില്ലകളിൽ പക്ഷി പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ, അടിയന്തര നടപടികൾ സ്വീകരിക്കാൻ കേന്ദ്ര മൃഗ സംരക്ഷണ മന്ത്രാലയം സംസ്ഥാന സർക്കാരിന് നിർദേശം നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ..

(ഹോൾഡ്)

***************

## <u>പക്ഷിപ്പനി-വീണാജോർജ്ജ്</u>

കോട്ടയം, ആലപ്പുഴ ജില്ലകളിലെ ചില ഭാഗങ്ങളിൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സംസ്ഥാന തല റാപ്പിഡ് റെസ്‌പോൺസ് ടീം യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കേരളത്തിൽ പക്ഷിപ്പനി ഇതുവരെ മനുഷ്യരെ ബാധിച്ചിട്ടില്ലെങ്കിലും മുൻ കരുതലുകൾ ആവശ്യമാണെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് പക്ഷിപ്പനി സംബന്ധിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക മാർഗനിർദേശങ്ങളും, സാങ്കേതിക നിർദേശങ്ങളും പുറത്തിറക്കിയിട്ടുണ്ട്. മാംസവും മുട്ടയും നന്നായി വേവിച്ച് മാത്രം കഴിക്കണം. തൊഴിലിന്റെ ഭാഗമായി പച്ച മാംസം കൈകാര്യം ചെയ്യുന്നവർ തീർച്ചയായും മാസ്ക് ധരിക്കണം. രോഗബാധിത പ്രദേശങ്ങളിലുള്ളവരിലെ പനിയും മറ്റ് രോഗലക്ഷണങ്ങളും ആരോഗ്യ വകുപ്പ് പ്രത്യേകം നിരീക്ഷിച്ച് വരികയാണെന്നും മന്ത്രി അറിയിച്ചു.

RNU TVPM

***************

## <u>വിനോദ് കുമാർ സസ്പെൻഷൻ</u>

കൈക്കൂലി കേസിൽ ജയിൽ ഡി.ഐജി എം. കെ. വിനോദ് കുമാറിന് സസ്പെൻഷൻ. വിജിലൻസ് വിഭാഗത്തിൻറെ പ്രാഥമിക റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് നടപടി. ഔദ്യോഗികപദവി ദുരുപയോഗം ചെയ്ത് നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ കൈക്കൂലി കൈപ്പറ്റുന്നതായി ആരോപണം ഉയർന്നതിനെ തുടർന്ന് വിജിലൻസ് ആൻറികറപ്ഷൻ ബ്യൂറോ വിനോദ് കുമാറിനെതിരെ കേസ് രജിസ്റ്റർ ചെയ്തിരുന്നു.

***************

## <u>സ്കിൻ ബാങ്ക്</u>

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ കേരളത്തിലെ ആദ്യ സ്കിൻ ബാങ്കിൽ, ചർമ്മത്തിന്റെ പ്രോസസിംഗ്

ആരംഭിച്ചു. അപകടത്താലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെട്ടവർക്ക് ലോകോത്തര ചികിത്സ ഉറപ്പ് വരുത്താനാണ് സ്കിൻ ബാങ്ക് സജ്ജമാക്കിയതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. അപകടത്താലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെട്ടവർക്ക് ജീവൻ നിലനിർത്താൻ ചർമ്മം വച്ച് പിടിപ്പിക്കൽ വളരെ അത്യാവശ്യമാണ്.
അവയവദാനത്തിൽ പലരും ചർമ്മം നൽകാൻ മടിക്കുന്നത് സ്കിൻ ബാങ്കിനായി ചർമ്മം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നു . എന്നാൽ മൃതദേഹത്തിന് ഒരു വൈരൂപ്യവും ഉണ്ടാക്കാത്ത രീതിയിൽ പുറത്ത് കാണാൻ സാധിക്കാത്ത ഭാഗങ്ങളിൽ നിന്നാണ് ഇതിന് വേണ്ടി ചർമ്മം എടുക്കുന്നത്.

***************

## പോഡ പദ്ധതി

സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള PREVENTION OF DRUG ABUSE- പോഡ പദ്ധതിക്ക് ഇന്ന് തുടക്കം. കേരള പോലീസുമായി ചേർന്ന് കോൺഫഡേറഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ യുവസംരംഭക വിഭാഗമാണ് പദ്ധതി നടപ്പാക്കുന്നത്. സ്വകാര്യ മേഖലയിൽ ജോലിയിൽ ചേരുന്ന സമയത്ത്, മയക്കുമരുന്ന് ദുരുപയോഗത്തിൽ നിന്ന് വിട്ടുനിൽക്കുമെന്ന് നിർബന്ധിത പ്രതിജ്ഞ എഴുതി ഒപ്പിട്ടു വാങ്ങുന്നത് ഉൾപ്പെടെയുള്ള നടപടികൾ പോഡ പദ്ധതിയുടെ ഭാഗമായി സ്വീകരിക്കും. ആദ്യ ഘട്ടത്തിൽ ഇരുപതോളം സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്.

***************

## ഐഎസ്ആർഒ

അമേരിക്കയുടെ AST Space Mobile BlueBird Block-2 ഉപഗ്രഹം വിക്ഷേപിക്കാനൊരുങ്ങി ISRO. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ ഇന്ത്യൻ സമയം നാളെ രാവിലെ 08:54

RNU TVPM

നാണ് വിക്ഷേപണം. ISROയുടെ LVM3-എം6 റോക്കറ്റ് ആണ് ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുക.

***************

## ശബരിമല

മണ്ഡലപൂജയ്ക്ക് ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചു കൊണ്ടുള്ള ഘോഷയാത്ര ആറൻമുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ടു. ഘോഷയാത്ര 26 ന് വൈകുന്നേരം സന്നിധാനത്ത് എത്തും. അയ്യപ്പ വിഗ്രഹത്തിൽ തങ്കയങ്കി ചാർത്തിയുള്ള ദീപാരാധന തുടർന്ന് നടക്കും. 27-നാണ് മണ്ഡല പൂജ. അന്നേദിവസം രാത്രി അടയ്ക്കുന്ന ക്ഷേത്രനട മകരവിളക്ക് മഹോത്സവത്തിനായി 30 നാണ് വീണ്ടും തുറക്കുക.

***************

## കൂടുതൽ അറസ്റ്റ്

RNU TVPM

വാളയാർ അട്ടപ്പള്ളത്ത് ആൾക്കൂട്ട മർദനത്തിൽ അതിഥിത്തൊഴിലാളി റാം നാരായൺ ഭാഗേൽ കൊല്ലപ്പെട്ട സംഭവത്തിൽ രണ്ടുപേർ കൂടി അറസ്റ്റിലായി. അട്ടപ്പള്ളം സ്വദേശികളായ വിനോദ്, ജഗദീഷ് എന്നിവരാണ് അറസ്റ്റിലായത്. ഇതോടെ കേസിൽ അറസ്റ്റിലായവരുടെ എണ്ണം 7 ആയി.

***************

## ക്ലൂ മൊബൈൽ ആപ്പ്(ഇൻട്രോ)

പൊതുജനങ്ങൾക്ക് യാത്രക്കിടെ ശുചിമുറികൾ കണ്ടെത്താൻ സഹായകമാകുന്ന 'ക്ലൂ' മൊബൈൽ ആപ്ലിക്കേഷൻ മന്ത്രി എം.ബി. രാജേഷ് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. വിശദാംശങ്ങളിലേക്ക്...

(ഹോൾഡ്)

***വോയിസ്***

*വൃത്തിയുള്ള ശുചിമുറികളുടെ അഭാവം എന്ന, യാത്രയ്ക്കിടെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നിന് പരിഹാരമാണ് ശുചിത്വ മിഷൻറെ 'ക്ലൂ' മൊബൈൽ*

*ആപ്ലിക്കേഷൻ. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 'മാലിന്യമുക്തം നവകേരളം' പദ്ധതിയുടെ ഭാഗമാണ് ഈ*

*സംരംഭം. യാത്രക്കാർക്ക് തൊട്ടടുത്തുള്ള ശുചിമുറികൾ ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ എളുപ്പത്തിൽ കണ്ടെത്താൻ*

*സാധിക്കുമെന്നതാണ് ആപ്പിന്റെ സവിശേഷത. പൊതു ശുചിമുറികൾക്ക് പുറമെ, സ്വകാര്യ ഹോട്ടലുകളിലെയും റെസ്റ്റോറന്റുകളിലെയും ശുചിമുറികൾ*

*കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ ശുചിമുറി കേന്ദ്രത്തിന്റെയും പ്രവർത്തന*

*സമയം, പാർക്കിംഗ് സൗകര്യം തുടങ്ങിയവയും*

*ഉപയോക്താക്കളുടെ റേറ്റിംഗുകൾ സഹിതം ആപ്പിലൂടെ തത്സമയം അറിയാൻ സാധിക്കും.*
*ന്യൂസ് ഡസ്ക്, ആകാശവാണി*

***************

## ക്രിസ്തുമസ്-അവധി

സംസ്ഥാനത്ത് ക്രിസ്മസ് അവധിക്കായി സ്കൂളുകൾ ഇന്ന് അടച്ചു. 12 ദിവസത്തെ അവധിക്ക് ശേഷം ജനുവരി 5-നാണ് സ്കൂളുകൾ തുറക്കുക. ഹൈക്കോടതിയുടെ ക്രിസ്മസ് അവധി ഇന്നലെ ആരംഭിച്ചു. ജനുവരി ഒന്നു വരെ

നീളുന്ന അവധിക്കിടെ, അടിയന്തര പ്രാധാന്യമുള്ള കേസുകൾ പരിഗണിക്കുന്നതിനായി ഡിസംബർ 23, 26, 30 തീയതികളിൽ അവധിക്കാല സിറ്റിങ്ങുകൾ നടത്തുന്നുണ്ട്.

***************

## വസന്തോത്സവം

ക്രിസ്മസ്-പുതുവത്സരാഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്നതിനായി ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 'വസന്തോത്സവം-2025' ന് നാളെ കനകക്കുന്നിൽ തുടക്കം. ജനുവരി 4 വരെ നീളുന്ന പരിപാടിയുടെ ഭാഗമായി പുഷ്പമേളയും

ദീപാലങ്കാരവും ഒരുക്കുന്നുണ്ട്. മുതിർന്നവർക്ക് 50 രൂപ,

RNU TVPM

കുട്ടികൾക്ക് 30 രൂപ എന്നിങ്ങനെയാണ് വസന്തോത്സവത്തിലേക്കുള്ള ടിക്കറ്റ് നിരക്ക്.

***************

## സ്വർണ്ണവില

സംസ്ഥാനത്ത് സ്വർണ്ണവില സർവ്വകാല റെക്കോർഡിൽ. പവൻ വില ഒരു ലക്ഷം കടന്നു. പവന് വില ഇന്ന് 1,760 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 1,600 രൂപ ആയി. ഗ്രാമിന് 220 രൂപ കൂടി 12,700 രൂപയാണ് ഇന്നത്തെ വില.

***************

## വനിതാ ട്വിൻറി -20

ഇന്ത്യ - ശ്രീലങ്ക വനിതാ ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വിശാഖപട്ടണത്ത് വൈകുന്നേരം ഏഴിനാണ് കളി ആരംഭിക്കുക. അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ആദ്യ മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു. അവസാന മൂന്ന് മത്സരങ്ങൾ തിരുവനന്തപുരത്താണ് നടക്കുന്നത്.

***************

## റൊമാനിയ

റൊമാനിയയിൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സ്, പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ മെഡലുകൾ വാരിക്കൂട്ടി രാജ്യത്തിന് അഭിമാനമായി മാറിയ വിദ്യാർത്ഥികളെ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അനുമോദിച്ചു. തിരുവനന്തപുരം പാങ്ങപ്പാറയിലെ 'സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്' സ്കൂളിലെ വിദ്യാർത്ഥികളാണ് അന്താരാഷ്ട്ര വേദിയിൽ മികച്ച പ്രകടനം

കാഴ്ചവെച്ചത്. പരിമിതികളെ നിശ്ചയദാർഢ്യം കൊണ്ട് മറികടന്ന ഈ കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയ്ക്കും ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും വലിയ അഭിമാനമാണ് നൽകിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

***************

RNUTVPM

## ഭിന്നശേഷി

ഭിന്നശേഷിക്കാരുടെ പരിചാരകരായ 22,700 പേർക്കുകൂടി ആശ്വാസകിരണം പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുമെന്ന് മന്ത്രി ആർ.ബിന്ദു. 2018 ഏപ്രിൽ 1 മുതൽ അപേക്ഷിച്ചിട്ടുള്ള ഈ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചത്. പ്രതിമാസം 600 രൂപ വീതം ഇവർക്ക് ലഭ്യമാക്കും. ഭിന്നശേഷിസമൂഹത്തോടുള്ള സാമൂഹ്യ ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് പദ്ധതിയുടെ ആനുകൂല്യം ഇത്രയും പേരിലേക്കുകൂടി വ്യാപിപ്പിക്കുന്നത്.

***************

*********

*****

RNU TVPM